# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:994.

05.02.2020-ലെ മറുപടി

### കൊല്ലയിൽ ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.കെ. ഹരീന്ദ്രൻ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കൊല്ലയിൽ ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ കുടിവെള്ള പദ്ധതിക്കായി 2019-20 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബജറ്റിൽ 10 കോടി രൂപ അനുവദിച്ചിരുന്നതിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയാണ് എന്ന് അറിയിക്കാമോ; | (എ) | പ്രസ്തുത കുടിവെള്ള പദ്ധതിയുടെ ജലവിതരണ ശൃംഖല സ്ഥാപിക്കുന്നതിനു വേണ്ടിയാണ് ടി തുക ഉപയോഗപ്പെടുത്തേണ്ടത്. ജലവിതരണ ശൃംഖല സ്ഥാപിക്കുന്നതിന് വിശദമായ എൻജിനീയറിങ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സർവ്വെ പ്രവൃത്തികൾ നടത്തേണ്ടതായിട്ടുണ്ട്. ടി സർവ്വെ പ്രവൃത്തികൾ നടത്തുന്നതിനുള്ള ദർഘാസ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്മേലുള്ള തുടർ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |
| (ബി) | കാളിപ്പാറ പദ്ധതി കൊല്ലയിൽ ഗ്രാമപഞ്ചായത്തിലേക്ക് നീട്ടുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ? | (ബി) | കാളിപ്പാറ പദ്ധതിയിൽ നിന്നുള്ള ശുദ്ധജലം കൊല്ലയിലെത്തിക്കുന്നതിന് പൊൻവിളയിൽ സ്ഥലം ഏറ്റെടുത്ത് ജലസംഭരണി നിർമ്മിച്ച് അവിടെ നിന്നും ധനുവച്ചപുരം വരെ പൈപ്പ് ലൈൻ സ്ഥാപിച്ച് എത്തിക്കാനാണ് പദ്ധതി തയ്യാറാക്കിയത് . എന്നാൽ നെയ്യാറ്റിൻകരയിൽ റെയിൽവേ പാത ക്രോസ് ചെയ്ത് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭ്യമാകാത്തതിനാലും പൊൻവിളയിൽ സമയബന്ധിതമായി സ്ഥലം ഏറ്റെടുക്കാൻ കഴിയാത്തതിനാലും പദ്ധതി പ്രാവർത്തി-കമാക്കാൻ കഴിഞ്ഞില്ല. അതേ സമയം |

| | ചോദ്യം | | മറുപടി |
|---|---|---|---|
| | | | കാളിപ്പാറ പദ്ധതിയിൽ നിന്നുള്ള ശുദ്ധജലം കൊല്ലയിൽ പഞ്ചായത്തിൽ എത്തിക്കുവാൻ, നെയ്യാറ്റിൻകര റെയിൽവേ ക്രോസിങ്ങിന് മുൻപായി കാളിപ്പാറയിൽ നിന്നുള്ള പൈപ്പ് ലൈനിൽ കൂട്ടിയോജിപ്പിക്കൽ പ്രവർത്തി നടത്തി ധനുവച്ചപുരം സംഭരണിയിലേക്ക് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള ഡീവിയേഷൻ പ്രൊപ്പോസലിനുള്ള അനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വാട്ടർ അതോറിറ്റിയിൽ പുരോഗമിച്ചു വരുന്നു |

**സെക്ഷൻ ഓഫീസർ**